P(IT)/27728/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 20.10.2020

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്ലാൻ ഫണ്ട് 2020 - 21 - സർക്കാർ കോളേജുകളിലെ ഒറൈസ് ക്ലാസ്റൂമുകളുടെ(മുൻപ് എഡ്യൂസാറ്റ് ക്ലാസ് റൂം എന്നറിയപ്പെട്ടിരുന്ന) നവീകരണം - തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന :- 2020 - 21 സാമ്പത്തിക വർഷത്തിലെ പ്ലാൻ റൈറ്റ്അപ്പ്

*********

2020-21 സാമ്പത്തിക 2202-03-001-87 - വർഷം വിവര വിനിമയ സാങ്കേതിക വിദ്യയും ആധുനീകരണവും എന്ന ശീർഷകത്തിന്റെ കംപോണന്റ് ആയിട്ടാണ് സർക്കാർ കോളേജുകളിലെ ഒറൈസ് ക്ലാസ് റൂമുകളുടെ (മുൻപ് എഡ്യൂസാറ്റ് ക്ലാസ് റൂം എന്നറിയപ്പെട്ടിരുന്ന) നവീകരണം എന്ന പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. സർക്കാർ കോളേജുകളിൽ ഒറൈസ് ക്ലാസ് റൂം ക്രമീകരിക്കുന്നതിനായി ലാപ്ടോപ്പുകൾ, പ്രൊജക്ടർ, വെബ് ക്യാം, സ്മാർട്ട് ടി വി, ഇന്റർനെറ്റ് സംവിധാനം, എയർ കണ്ടിഷനിംഗ് സിസ്റ്റം, നിലവിലുള്ള ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, ഒറൈസ് ക്ലാസ് റൂം പുനരുദ്ധാരണ പ്രവർത്തികൾ, ഫർണിച്ചർ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ടി തുക വിനിയോഗിക്കാവുന്നതാണ്. ഈ സാമ്പത്തിക വർഷം പ്രസ്തുത പ്രവർത്തികൾക്കായി തുക ആവശ്യമുള്ള കോളേജുകൾ 30.10.2020 ന് മുൻപായി വ്യക്തമായ പ്രൊപ്പോസലുകൾ പ്ലാൻ പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. പ്രസ്തുത പ്രൊപ്പോസലിന്റെ പകർപ്പ് **planningdce@gmail.com** എന്ന ഇമെയിൽ വിലാസത്തിൽ കൂടെ ലഭ്യമാക്കേണ്ടതാണ് .

# Approval Valid

Digitally Approved By
SUMI AUSTIN
Date: 20.10.2020
Reason: Approved

*ഒപ്പ്/-*
SUMI AUSTIN
സീനിയർ ഫിനാൻസ് ഓഫീസർ

പകർപ്പ്:-

01.എല്ലാ സർക്കാർ കോളേജ് കോളേജ് പ്രിൻസിപ്പാൾമാർക്കും
02. സ്റ്റോക്ക് ഫയൽ